പെട്രോൾ/ഡീസൽ പമ്പുകളിലെ പരിശോധന

216(1285) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെട്രോൾ/ഡീസൽ പമ്പുകൾ പരിശോധിക്കുന്നതിന് സംസ്ഥാന ഗവൺമെന്റിന് അധികാരമുണ്ടോ; എങ്കിൽ ഏതൊക്കെ പരിശോധനകൾ നടത്താം ;

(ബി) ഇല്ലെങ്കിൽ ഉപഭോക്താവിന്റെ അവകാശങ്ങൾ സംരക്ഷിക്കുന്ന കാര്യത്തിൽ ഗവൺമെന്റിന്റെ ഉത്തരവാദിത്ത്വം എത്രത്തോളമാണെന്ന് വ്യക്തമാക്കുമോ;

(സി) പമ്പുകളിൽ എന്തൊക്കെ രീതിയിലുള്ള പരിശോധനകൾ നടത്തി; എന്തൊക്കെ ക്രമക്കേടുകൾ കണ്ടെത്തി; ഇത്തരം പമ്പുകൾ പരിശോധിക്കുന്നത് എന്നെങ്കിലും കോടതി റദ്ദ് ചെയ്തിട്ടുണ്ടായിരുന്നോ; എങ്കിൽ എന്ന്;

(ഡി) എങ്കിൽ ഉപഭോക്താക്കളെ ചൂഷണത്തിൽ നിന്ന് സംരക്ഷിക്കാൻ എന്തെങ്കിലും തുടർനടപടി ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ഇ) കോടതി വിധിക്കെതിരെ അപ്പീൽ നൽകിയിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) ഭക്ഷ്യ പൊതുവിതരണ വകുപ്പിലെ താലൂക്ക് സപ്ലൈ ഓഫീസർ റാങ്കിൽ കുറയാത്ത തസ്തികയിലുള്ള ഉദ്യോഗസ്ഥർക്കും ജില്ലാ കളക്ടർക്കും ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്/അസിസ്റ്റന്റ് പോലീസ് കമ്മീഷണർ എന്നീ ഉദ്യോഗസ്ഥർക്കും പെട്രോൾ പമ്പുകൾ പരിശോധിക്കുവാനുള്ള അധികാരം ഉണ്ട്. എണ്ണക്കമ്പനികളുടെ സെയിൽസ് ഏരിയ ഫീൽഡ് ഓഫീസർമാരും ടെറിട്ടറി ഓഫീസുകളിലെ ഉദ്യോഗസ്ഥൻമാരും പമ്പുകളിൽ പരിശോധന നടത്താറുണ്ട്. അളവിൽ കുറച്ച് വിതരണം നടത്തുന്നുണ്ടോയെന്നും ഇവ വിതരണം ചെയ്യുന്ന ഉപകരണങ്ങൾ യഥാസമയം മുദ്ര പതിപ്പിച്ചിട്ടുണ്ടോയെന്നും ലീഗൽ മെട്രോളജി വകുപ്പ് പരിശോധിക്കാറുണ്ട്.

(സി-ഇ) യഥാസമയം മുദ്ര പതിപ്പിക്കാതിരിക്കുക, ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാതിരിക്കുക, അളവിൽ കുറവിൽ വിൽപ്പന നടത്തുക എന്നീ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്. ഇവയുമായി ബന്ധപ്പെട്ട പരിശോധനകൾ കോടതി റദ്ദ് ചെയ്തിട്ടില്ല. എന്നാൽ ഉപഭോക്താക്കൾക്ക് മായം കലരാത്ത പെട്രോളും ഡീസലും പാചക വാതകവും ലഭ്യമാക്കുക എന്ന ലക്ഷ്യം വെച്ചുകൊണ്ട് വ്യാപാരികൾക്ക് സംസ്ഥാന ഗവൺമെന്റിന്റെ ലൈസൻസ് നിർബന്ധമാക്കി കൊണ്ടുള്ള 1981-ലെ കേരള പെട്രോളിയം പ്രോഡക്ട്സ് ലൈസൻസിംഗ് ഓർഡർ ഹൈക്കോടതി റദ്ദാക്കിയിട്ടുണ്ട്. ഇതിനെതിരെ സംസ്ഥാന സർക്കാർ നൽകിയ അപ്പീൽ ഹൈക്കോടതിയുടെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly